പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4746 21.10.2011 ൽ മറുപടിയ്ക്ക്

അത്രൂർ കെൽട്രോണിന് നൽകിയ വർക്ക് ഓർഡർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മലങ്കര എസ്.എച്ച്.ഇ.പി. (Small Head Electrical Power Plant) യുടെ പി.എൽ.സി. (Programming Logic Control) മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി അത്രൂർ കെൽട്രോൺ കൺട്രോളിന് കെ.എസ്.ഇ.ബി. പർച്ചേസ്/വർക്ക് ഓർഡർ നൽകിയിരുന്നോ ; പ്രസ്തുത വർക്ക് ഓർഡർ പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) നൽകിയിരുന്നു. പ്രസ്തുത പർച്ചേസ്/വർക്ക് ഓർഡർ പിന്നീട് ക്യാൻസൽ ചെയ്തിരുന്നു.<br>കോസ്സലർ എന്ന ഓസ്ട്രിയൻ കമ്പനിയാണ് മലങ്കരയിലെ യന്ത്രങ്ങൾ സ്ഥാപിച്ചത് കോസ്സലർ യന്ത്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് ഉണ്ടെങ്കിൽ മാത്രമേ അതിനു വേണ്ട പി.എൽ.സി. സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. കെൽട്രോണിന് തിരുമൂർത്തി ജല വൈദ്യുതി പദ്ധതിയുടെ ഗവർണ്ണർ കൺട്രോൾ സിസ്റ്റം മാറ്റി സ്ഥാപിച്ചുള്ള പരിചയം മാത്രമേയുള്ളൂ. കെൽട്രോണിന്റെ പരിചയ സമ്പന്നത വിലയിരുത്തുന്നതിന് കെ.എസ്.ഇ.ബി. ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു.<br>കമ്മിറ്റിയുടെ വിശകലനത്തിൽ കെൽട്രോണിന് കുറ്റമറ്റ രീതിയിൽ പി.എൽ.സി. സ്ഥാപിക്കുവാൻ കഴിയില്ല എന്നു വ്യക്തമായിരുന്നു. കൂടാതെ, ഇതിന്റെ കോൺട്രാക്ട് എഗ്രിമെന്റ് ആറുമാസം കഴിഞ്ഞിട്ടും കെൽട്രോൺ ഒപ്പു വച്ചിരുന്നില്ല. |

(...........2)

| | | | |
|---|---|---|---|
| | | | അതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പർച്ചേസ്/വർക്ക് ഓർഡർ ക്യാൻസൽ ചെയ്തത്. |
| (ബി) | റ്റി.എൻ.ഇ.ബി.(Tamil Nadu Electricity Board) യുടെ തിരുമൂർത്തി ജലവൈദ്യുത പദ്ധതിയുടെ ഗവർണർ കൺട്രോൾ സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനുള്ള ഓർഡർ കെൽട്രോൺ വിജയകരമായി നിർവ്വഹിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | കെ.എസ്.ഇ.ബി. നൽകിയ പുതിയ ഓർഡർ അനുസരിച്ച് ആവശ്യമായ 3 കൺട്രോൾ പാനലുകളിൽ 2 എണ്ണത്തിന്റെ പണി ഇതിനോടകം പൂർത്തിയാക്കുകയും 3 മത്തെ കൺട്രോൾ പാനലിന്റെ പണി 70% പൂർത്തീകരിച്ചതിനുശേഷം പ്രസ്തുത ഓർഡർ നിരാകരിച്ചതിനാൽ കെൽട്രോൺ കൺട്രോളിന് ഉണ്ടായ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; | (സി) | കെൽട്രോൺ പർച്ചേസ്/വർക്ക് ഓർഡർ നൽകിയതിനുശേഷം ഇതിനുള്ള കോൺട്രാക്ട് എഗ്രിമെന്റ് ഒപ്പു വച്ചിരുന്നില്ല. ആയതിനാൽ, ഒരു കരാർ പ്രാബല്യത്തിൽ വന്നിരുന്നില്ല. |
| (ഡി) | പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൺട്രോൾസ് പ്രസ്തുത മേഖലയിൽ കഴിവുതെളിയിച്ച സാഹചര്യത്തിൽ കെ.എസ്.ഇ.ബി. നൽകിയ പർച്ചേസ്/വർക്ക് ഓർഡർ കെൽട്രോണിന് തന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | കെൽട്രോണിന് ടെക്നിക്കൽ കമ്മിറ്റി മുൻപാകെ കഴിവ് തെളിയിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല |

സെക്ഷൻ ഓഫീസർ